# ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നടപടി ഉത്തരവ്.

പുറപ്പെടുവിക്കുന്നത് : കെ.ജി.മോഹൻലാൽ, IFS

വിഷയം : വനം വകുപ്പ് - ജീവനക്കാര്യം - വനം വകുപ്പിൽ 2015 ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിൽ ഉണ്ടാകുന്ന ക്ലാർക്ക് തസ്തികയിലെ പ്രതീക്ഷിത ഒഴിവുകൾ സൂപ്പർ ന്യൂമററി തസ്തികകളായി സൃഷ്ടിച്ചുകൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവ് - സംബന്ധിച്ച്.

സൂചന : 1 23.07.2014. ലെ 10336/Adv.C3/2014/P&ARD നമ്പർ സർക്കാർ സർക്കുലർ

2 ഈ ഓഫീസിലെ 05. 08. 2014 ഇതേ നമ്പർ കത്ത്.

3 21. 03.15 ലെ സ.ഉ.(അ)13/2015/ഉ.ഭ.പ.വ

## ഉത്തരവ് നമ്പർ ഇ3-12114/2014 തീയതി 24/03/2015.

സൂചന (1) സർക്കാർ സർക്കുലറിലെ നിർദ്ദേശ പ്രകാരം വനം വകുപ്പിൽ 2015 ജനുവരി 1 മുതൽ 2015 ഡിസംബർ 31 വരെ ഓരോ ജില്ലയിലും ക്ലാർക്ക് തസ്തികയിൽ ഉണ്ടാകുവാൻ സാധ്യതയുള്ള എല്ലാ പ്രതീക്ഷിത ഒഴിവുകളും കണ്ടെത്തി പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യുവാൻ സൂചന (2) പ്രകാരം ഈ ഓഫീസിൽ നിന്നും എല്ലാ ജില്ലാതല നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിരുന്നു. എന്നാൽ സൂചന (3) സർക്കാർ ഉത്തരവ് പ്രകാരം 2015 ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിൽ ഉണ്ടായേക്കാവുന്ന പ്രതീക്ഷിത ഒഴിവുകൾ നിലവിലുള്ള എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നൽകുന്നതിനുവേണ്ടി സൂചന (1) സർക്കാർ സർക്കുലറിന്റെ അടിസ്ഥാനത്തിൽ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത പ്രതീക്ഷിത ഒഴിവുകളിൽ 2015 ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിൽ ഉണ്ടായേക്കാവുന്ന ക്ലാർക്കുതസ്തികയിലെ പ്രതീക്ഷിത ഒഴിവുകൾക്കു തത്തുല്യമായ എണ്ണം സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കുവാനുള്ള അനുമതി വകുപ്പുമേധാവികൾക്കും നിയമനാധികാരികൾക്കും നൽകി ഉത്തരവായിട്ടുണ്ട്. പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്ത പ്രതീക്ഷിത ഒഴിവുകളുടെ

അടിസ്ഥാനത്തിൽ പ്രസ്തുത സൂപ്പർ ന്യൂമററി തസ്തികകളുടെ എണ്ണം വ്യക്തമാക്കി അതാത് വകുപ്പു മേധാവികൾ/ നിയമനാധികാരികൾ ഉത്തരവു പുറപ്പെടുവിക്കുവാനും 2015 മാർച്ച് 30 ന് മുമ്പ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാനും സൂചന (3) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ വനം വകുപ്പിൽ 2015 ഏപ്രിൽ മേയ്, ജൂൺ മാസങ്ങളിൽ ഉണ്ടായേക്കാവുന്ന ക്ലാർക്ക് തസ്തികകളുടെ എണ്ണം കണക്കാക്കി താഴെ പറയുന്ന ഓഫീസുകളിൽ 23 സൂപ്പർ ന്യൂമററി ക്ലാർക്ക് തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് ഉത്തരവാകുന്നു.

| ക്രമ. നം. | സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കപ്പെടു ഓഫീസിന്റെ പേര് | റെഗുലർ തസ്തികയിൽ ഒഴിവുണ്ടാകുന്ന തീയതി | ഓഫീസ് സ്ഥിതി ചെയ്യുന്ന ജില്ല | ബന്ധപ്പെട്ട ഒഴിവുകൾ റിപ്പോർട്ട് ചെയ്യേണ്ട നിയമനാധികാരി |
|---|---|---|---|---|
| 1 | പുനലൂർ (ടിംബർ സെയിൽസ്) ഡിവിഷൻ ഓഫീസ് | 01.05.2015 | കൊല്ലം | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സതേൺ സർക്കിൾ), കൊല്ലം |
| 2 | ഐ.എച്ച്.ആർ.ഡി. വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസ്, തിരുവനന്തപുരം | 01.05.2015 | വനം വകുപ്പാസ്ഥാനം | സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, വനം വകുപ്പാസ്ഥാനം |
| 3 | കോട്ടയം ഫീൽഡ് ഡയറക്ടറുടെ (പ്രോജക്ട് ടൈഗർ) ഓഫീസ് | 01.06.2015 | കോട്ടയം | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഹൈറേഞ്ച് സർക്കിൾ), കോട്ടയം |

| | | | | |
|---|---|---|---|---|
| 4 | കോതമംഗലം (ഫ്ളയിംഗ് സ്ക്വാഡ്) ഡിവിഷൻ ഓഫീസ് | 01.06.2015 | എറണാകുളം | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഹൈറേഞ്ച് സർക്കിൾ), കോട്ടയം |
| 5 | കണ്ണൂർ (നോർത്തേൺ സർക്കിൾ) ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസ് | 01.06.2015 | കണ്ണൂർ | ഫോറസ്റ്റ് കൺസർവേറ്റർ (നോർത്തേൺ സർക്കിൾ) കണ്ണൂർ |
| 6 | കോട്ടയം (ഹൈറേഞ്ച് സർക്കിൾ), ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസ് | 01.06.2015 | കോട്ടയം | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഹൈറേഞ്ച് സർക്കിൾ), കോട്ടയം |
| 7 | കൊല്ലം (സോഷ്യൽ ഫോറസ്ട്രി), ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസ് | 01.06.2015 | കൊല്ലം | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സതേൺ സർക്കിൾ), കൊല്ലം |
| 8 | തളിപറമ്പ് ഫോറസ്റ്റ് റെയിഞ്ച് ഓഫീസ് | 01.06.15 | കണ്ണൂർ | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (നോർത്തേൺ സർക്കിൾ), കണ്ണൂർ |
| 9 | കോട്ടയം ടിംബർ സെയിൽസ് ഡിവിഷൻ ഓഫീസ് | 01.06.15 | കോട്ടയം | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഹൈറേഞ്ച് സർക്കിൾ), കോട്ടയം |

| | | | | |
|---|---|---|---|---|
| 10 | കോതമംഗലം ഡിവിഷൻ ഓഫീസ് | 01.06.15 | എറണാകുളം | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഹൈറേഞ്ച് സർക്കിൾ), കോട്ടയം |
| 11 | പുനലൂർ ഡിവിഷൻ ഓഫീസ് | 01.06.15 | കൊല്ലം | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സതേൺ സർക്കിൾ), കൊല്ലം |
| 12 | പാലക്കാട് ടിംബർ സെയിൽസ് ഡിവിഷൻ ഓഫീസ് | 01.06.15 | പാലക്കാട് | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഈസ്റ്റേൺ സർക്കിൾ) പാലക്കാട് |
| 13 | സോഷ്യൽ ഫോറസ്ട്രി വിഭാഗം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസ് വനം വകുപ്പാസ്ഥാനം | 01.06.15 | വനം വകുപ്പാ സ്ഥാനം | സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, വനം വകുപ്പാ സ്ഥാനം |
| 14 | ഭരണവിഭാഗം അഡീഷണൽ പ്രിൻസി-പ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസ് , വനം വകുപ്പാ സ്ഥാനം | 01.06.15 | വനംവകുപ്പാ സ്ഥാനം | സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, വനം വകുപ്പാ സ്ഥാനം |
| 15 | നെല്ലിയാമ്പതി ഫോറസ്റ്റ് റെയിഞ്ച് ഓഫീസ് | 01.06.15 | പാലക്കാട് | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഈസ്റ്റേൺ സർക്കിൾ) പാലക്കാട് |
| 16 | പാലക്കാട് വന്യജീവി വിഭാഗം ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസ് | 01.06.15 | പാലക്കാട് | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഈസ്റ്റേൺ സർക്കിൾ) പാലക്കാട് |

| | | | | |
|---|---|---|---|---|
| 17 | തിരുവനന്തപുരം ഡിവിഷൻ ഓഫീസ് | 01.06.15 | തിരുവനന്ത പുരം | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സതേൺ സർക്കിൾ) കൊല്ലം |
| 18 | പാലക്കാട് ഈസ്റ്റേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേ-റ്ററുടെ ഓഫീസ് | 01.06.15 | പാലക്കാട് | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഈസ്റ്റേൺ സർക്കിൾ) പാലക്കാട് |
| 19 | കോഴിക്കോട് ഫോറസ്റ്റ് മിനിസർവ്വേ ഓഫീസ് | 01.06.15 | കോഴിക്കോട് | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (നോർത്തേൺ സർക്കിൾ) കണ്ണൂർ |
| 20 | കോട്ടയം ഡിവിഷൻ ഓഫീസ് | 01.06.15 | കോട്ടയം | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഹൈറേഞ്ച് സർക്കിൾ), കോട്ടയം |
| 21 | കോഴിക്കോട് ഫോറസ്റ്റ് മിനിസർവ്വേ ഓഫീസ് | 01.06.15 | കോഴിക്കോട് | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (നോർത്തേൺ സർക്കിൾ) കണ്ണൂർ |
| 22 | കോഴിക്കോട് ടിംബർ സെയിൽസ് ഡിവിഷൻ ഓഫീസ് | 01.06.15 | കോഴിക്കോട് | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (നോർത്തേൺ സർക്കിൾ) കണ്ണൂർ |
| 23 | തിരുവനന്തപുരം റിസർച്ച് സൗത്ത് ഡിവി ഷൻ | 01.06.2015 | തിരുവനന്ത പുരം | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സതേൺ സർക്കിൾ) കൊല്ലം |

മേൽ പറഞ്ഞ പ്രകാരം വനം വകുപ്പാസ്ഥാനത്തും വിവിധ ജില്ലകളിലും സൃഷ്ടിച്ച ന്യൂമററി ക്ലാർക്ക് തസ്തികകളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| | |
|---|---|
| വനം വകുപ്പാസ്ഥാനം | 3 |
| തിരുവനന്തപുരം | 2 |
| കൊല്ലം | 3 |
| കോട്ടയം | 4 |
| എറണാകുളം | 2 |
| പാലക്കാട് | 4 |
| കോഴിക്കോട് | 3 |
| കണ്ണൂർ | 2 |
| **ആകെ** | **23** |

മേൽ പറഞ്ഞ പ്രകാരം സൃഷ്ടിച്ചിരിക്കുന്ന സൂപ്പർ ന്യൂമററി തസ്തികകൾ 2015 ജൂൺ 30 വരെ കണക്കാക്കി മുൻപിനാലെ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത പ്രതീക്ഷിത ഒഴിവുകൾക്ക് പകരമുള്ളതായതിനാൽ മുൻപിനാലെ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്ത പ്രതീക്ഷിത ഒഴിവുകൾ പിൻവലിച്ചതായി കണക്കാക്കേണ്ടതും റെഗുലർ വേക്കൻസികൾ ഉണ്ടാകുന്ന മുറയ്ക്ക് പി.എസ്.സി. അഡ്വൈസ് ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുവാനും സൂപ്പർന്യൂമററി തസ്ത തികൾ റെഗുലർ വേക്കൻസിയിൽ തട്ടിക്കിഴിക്കുവാനും നിയമനാധികാരികളായ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ / ഫോറസ്റ്റ് കൺസർവേറ്റർമാർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവാകുന്നു.

പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യുന്ന സൂപ്പർ ന്യൂമററി തസ്തികകളുടെ വിശദവിവരങ്ങൾ അതാത് നിയമനാധികാരികൾ വനം വന്യജീവി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയേയും, ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ സി) വകുപ്പിനെയും ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററേയും 2015 മാർച്ച് 30 ന് മുൻപ് അറിയിക്കേണ്ടതാണ്.

സൂപ്പർന്യൂമററി തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾ പ്രസ്തുത തസ്തികയിൽ യഥാർത്ഥത്തിൽ ഒഴിവുണ്ടാകുന്ന തീയതിക്കുശേഷം മാത്രം നടത്തുവാനും സൂപ്പർ ന്യൂമററി തസ്തികളുടെ ഒരു രജിസ്റ്റർ സൂക്ഷിക്കുവാനും റെഗുലർ വേക്കൻസി വരുമ്പോൾ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്ന മുറയ്ക്ക് സൂപ്പർന്യൂമററി തസ്തികകൾ ഇല്ലാതാകുന്ന വിവരം (Progressive abolitions) രേഖപ്പെടുത്തുവാനും എല്ലാ നിയമനാധികാരികൾക്കും നിർദ്ദേശം നൽകിക്കൊണ്ടും ഉത്തരവാകുന്നു.

കെ.ജി. മോഹൻലാൽ ഐ.എഫ്.എസ്.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(ഭരണം)

| | | |
|---|---|---|
| 1 | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സതേൺ സർക്കിൾ), കൊല്ലം | |
| 2 | ഫോറസ്റ്റ് കൺസർവേറ്റർ (ഹൈറേഞ്ച് സർക്കിൾ), കോട്ടയം | |
| 3 | ഫോറസ്റ്റ് കൺസർവേറ്റർ (സെൻട്രൽ സർക്കിൾ), തൃശ്ശൂർ | അടിയന്തിര നടപടി കൾക്കായി |
| 4 | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഈസ്റ്റേൺ സർക്കിൾ), പാലക്കാട് | |
| 5 | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (നോർത്തേൺ സർക്കിൾ), കണ്ണൂർ | |

***പകർപ്പ് :***

1. അഡീഷണൽ ചീഫ് സെക്രട്ടറി വനം വന്യജീവി വകുപ്പ് - (ആമുഖ കത്ത് സഹിതം ഉള്ളടക്കം)
2. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ സി) വകുപ്പ്
3. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്
4. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ചീഫ് വൈൽഡ്ലൈഫ് വാർഡൻ - അറിവിനായി
5. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ / സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
6. സ്റ്റോക്ക് ഫയൽ
7. ഇ3- 12111/14 നമ്പർ ഫയലിലേയ്ക്ക്.